**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2194** **06/10/2016 ൽ മറുപടി**

## സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ്സുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനു ഏത് രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി അടുത്ത രണ്ട് വർഷം കൊണ്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകാനായി മിഷൻ മാതൃകയിലുള്ള പദ്ധതി നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കേരളത്തിലെ മുഴുവൻ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ എത്ര തുക ചെലവ് വരും; ഈ ചെലവ് മുഴുവൻ സർക്കാർ വഹിക്കുമോ; | (ബി) യും (സി) യും | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കമെന്ന നിലയിൽ ആയിരം കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും, സാമൂഹ്യ സംഘടനകളുടെ സംഭാവനയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്താലും പദ്ധതി നടപ്പിലാക്കാമെന്നു കരുതുന്നു. സ്കൂൾ വികസനത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചിട്ടുള്ള മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലായിവരുന്നു. |
| (സി) | ഈ പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനുവേണ്ടി ഓരോ സ്കൂളും ചെലവഴിച്ച തുക എത്രയാണ്; ആ തുക എങ്ങനെയാണ് സമാഹരിച്ചത്? | | |

സെക്ഷൻ ഓഫീസർ